പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .169 — 12.02.2013-ൽ മറുപടിക്ക്

# മണ്ണെണ്ണ ക്ഷാമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. പി.ബി.അബ്ദുൾ റസാക്<br>*ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന മേഖലയെ തളർത്തുന്ന മണ്ണെണ്ണ ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ സംസ്ഥാന സർക്കാർ മത്സ്യമേഖലയ്ക്കായി പ്രതിമാസം അനുവദിച്ച് നൽകുന്ന 2525 കെ.എൽ മണ്ണെണ്ണ തീരെ അപര്യാപ്തമായതിനാൽ മത്സ്യമേഖലയ്ക്കായി പ്രത്യേക ക്വാട്ടാ പി.ഡി.എസ് നിരക്കിലോ, പ്രത്യേക സബ്സിഡി നിരക്കിലോ സംസ്ഥാന സർക്കാരിന് അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ബഹു.പ്രധാന മന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള മണ്ണെണ്ണ ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് വേണ്ടി ഡീസൽ എഞ്ചിനുകളുടെ പ്രചരണവും വിതരണവും മത്സ്യഫെഡ് വഴി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വിതരണത്തിലെ ക്രമക്കേടും, കരിഞ്ചന്തയും മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) | മത്സ്യത്തൊഴിലാളികൾക്ക് നല്കിവരുന്ന മണ്ണെണ്ണ ആവശ്യത്തിന് തികയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള മണ്ണെണ്ണ വിതരണ സമ്പ്രദായം സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് മാറ്റി മത്സ്യഫെഡിനെ ചുമതലപ്പെടുത്തി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയുടെ അളവ് കൂട്ടുന്നതിനും വിതരണം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ? | (സി) | മണ്ണെണ്ണ വിതരണം കാര്യക്ഷമമാക്കുന്നതിനും വില നിയന്ത്രിക്കുന്നതിനും കരിഞ്ചന്ത തടയുന്നതിനുമായി 20.11.12 ലെ സ.ഉ.(സാധാ) നം. 984/2012/മതുവ പ്രകാരം മത്സ്യഫെഡിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ